**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.T 3350** **14.03.2018-ൽ മറുപടിയ്ക്ക്**

# അരിവാൾ രോഗത്തെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.റോജി.എം.ജോൺ

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | ആദിവാസി സമൂഹത്തിൽ കണ്ടുവരുന്ന അരിവാൾ രോഗത്തെ പ്രതിരോധിക്കാൻ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശങ്ങൾ നൽകാമോ? | | ആദിവാസി സമൂഹത്തിൽ കണ്ടുവരുന്ന അരിവാൾ രോഗം കണ്ടുപിടിക്കുന്നതിനായി മുഴുവൻ ആദിവാസികളെയും സ്ക്രീൻ ചെയ്യുന്നു. ഇതിനായി മലപ്പുറം ജില്ലയിലെ ആദിവാസികളുള്ള 5 ഹെൽത്ത് ബ്ലോക്കുകളിലെ ഫീൽഡ് ജീവനക്കാർക്കും മെഡിക്കൽ ഓഫീസർമാർക്കും കോഴിക്കോട് മെഡിക്കൽ കോളേജിലെ പാത്തോളജി വിഭാഗവുമായി സഹകരിച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഐ.ടി.ഡി.പി പ്രൊമോട്ടർമാർക്ക് ബോധവൽക്കരണ ക്ലാസ് നൽകി സ്ക്രീനിങ്ങിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>പാലക്കാട് ജില്ലയിൽ അരിവാൾ രോഗികളുടെ ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വഴി "സാന്ത്വനം" പദ്ധതി നടപ്പിലാക്കി വരുന്നു. ആകെയുള്ള 147 അരിവാൾ രോഗികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെയും ഓരോ വെള്ളിയാഴ്ച ദിവസങ്ങളിൽ കോട്ടത്തറ ആശുപത്രിയിൽ കൃത്യമായി ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തുകയും മരുന്ന് നൽകുകയും ഡയറ്റീഷ്യന്റെ നിരീക്ഷണത്തിൽ പോഷകാഹാര കിറ്റ് വിതരണം നൽകുകയും കൗൺസിലറുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നടത്തിവരുകയും ചെയ്യുന്നു. രോഗികളെ കൊണ്ടു വരുന്നതിനും തിരികെ കൊണ്ട് വിടുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അരിവാൾ രോഗികളുടെ പുനരധിവാസത്തിനായി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ